58

# വിജയകരമായ ഒരു വ്യാപാരിയുടെ[1] തെറ്റുകൾ

## ലൂക്കൊാസ് 12:13- 21, ഒരടുത്ത നോട്ടം

വിലയില്ലാത്തതിന് ബുദ്ധിഹീനമായി ഉയർന്നവില രേഖപ്പെടുത്തുകയും വിലയുള്ളതിന് അസംബന്ധമായി താഴ്ന്ന വില രേഖപ്പെടുത്തുന്നതിനോട് ജീവിതത്തെ താരതമ്യം ചെയ്തിട്ടുണ്ട്.[2] ഇന്ന്, വാസ്തവത്തിൽ വിലയുള്ള തിന് പലപ്പോഴും പ്രാധാന്യം കല്പിക്കുന്നില്ല എന്ന് തോന്നുന്നു, എന്നാൽ നിസാരമായതും പുറം പകിട്ടുള്ളതുമായവ വിലയില്ലാത്തതായിരിക്കും.

ഭൗതീകമായവക്ക് പ്രാധാന്യം കൊടുക്കുന്ന ലോകത്തിലാണ് നാം ജീവി ക്കുന്നത്[3] ധാരാളം ആളുകൾ സാമ്പത്തിക വിജയത്തിലും, സമ്പത്ത് വളർച്ച യിലും, സമ്പാദ്യം കൂട്ടിവെക്കലിലും ശ്രദ്ധചെലുത്തുന്നു. അവക്ക് ഊന്നൽ കൊടുക്കുമ്പോൾ വാസ്തവത്തിലുള്ള മൂല്യത്തിൽ നമ്മുടെ കാഴ്ച നഷ്ട പ്പെടുന്നു അതാണ് നമ്മുടെ വേദഭാഗത്തിലെ സംഭവത്തിൽ കാണാൻ കഴി യുന്നത്: ലൂക്കൊസ് 12:13–21.

ഒരു ദിവസം, യേശു ഉപദേശിച്ചുകൊണ്ടിരുന്നപ്പോൾ പുരുഷാരത്തിൽ നിന്ന് ഒരു മനുഷ്യൻകടന്ന് വന്ന് അവനെ തടസപ്പെടുത്തി: "ഗുരോ, ഞാനു മായി അവകാശം പകുതി ചെയ്‌വാൻ എന്റെ സഹോദരനോട് കൽപിച്ചാലും എന്ന് പറഞ്ഞു" (വാ. 13). ആ മനുഷ്യന്റെ മനസ്സ് പ്രസംഗത്തിലല്ലായിരുന്നു. ക്രിസ്തുവിന്റെ വാക്കുകൾ ഉൾക്കൊള്ളുന്നതിനു പകരം അവന്റെ ഉള്ളിൽ കുടുംമ്പ വഴക്കായിരുന്നു സ്ഥാനം പിടിച്ചത്. ഓരോ ഉപദേഷ്ടാവിനും ഇതേ അനുഭവം ഉണ്ടായിട്ടുണ്ട്. ആളുകൾ നിത്യതക്ക് സമയം ചിലവഴിക്കേണ്ടതി നെക്കുറിച്ച് ഉപദേഷ്ടാവ് പ്രസംഗിച്ച് കൊണ്ടിരിക്കുന്നു. അപ്പോൾ, ആരാധ നക്കുശേഷം, പ്രസംഗത്തിന്റെ ഒരു ഭാഗം പോലും കേട്ടിട്ടില്ലാത്ത വിധത്തിൽ ആരെങ്കിലും എന്തെങ്കിലും പറയും.[4]

ആമനുഷ്യന്റെ ഹൃദയത്തിൽ അവന്റെ ഉപദേശം ഗ്രഹിക്കാതിരു ന്നതുകൊണ്ട് കർത്താവിന് ദുഃഖം ഉണ്ടായിരുന്നു.അവൻ പറഞ്ഞു, "മനു ഷ്യാ, എന്നെ നിങ്ങൾക്ക് ന്യായകർത്താവോ പങ്കിടുന്നവനോ ആക്കിയത് ആർ[5]?" (വാ.14).[6] ആ മനുഷ്യന്റെ ഹൃദയത്തിലേക്ക് നോക്കി അവൻ അവന്റെ പ്രശ്നത്തെ കണ്ടെത്തി. അവൻ അവനോട് പറഞ്ഞു, "സകല ദ്രവ്യാഗ്ര ഹവും സുക്ഷിച്ച് ഒഴിഞ്ഞുകൊൾവിൻ; ഒരുത്തനു സമൃദ്ധിയുണ്ടായാലും അവന്റെ വസ്തുവകയല്ല അവന്റെ ജീവന് ആധാരമായിരിക്കുന്നത്" (വാ.15). പിന്നെ അവൻ ഒരു ഉപമ പറഞ്ഞു:

> ധനവാനായോരു മനുഷ്യന്റെഭൂമി നന്നായി വിളഞ്ഞു. അപ്പോൾ അവൻ: "ഞാൻ എന്തു ചെയ്യേണ്ടു? എന്റെ വിളവു കൂട്ടിവെപ്പാൻ സ്ഥലം പോരാ എന്ന് ഉള്ളിൽ വിചാരിച്ചു". പിന്നെ അവൻ പറഞ്ഞതു: "ഞാൻ ഇതു ചെയ്യും;

എന്റെ കളപ്പുരകളെ[7] പൊളിച്ച് അധികം വലിയവ പണിത് എന്റെ വിളവും വസ്തുവകയും എല്ലാം അതിൽ കൂട്ടിവെക്കും. എന്നിട്ട് എന്നോട് തന്നെ; നിനക്ക് ഏറിയ ആണ്ടുകൾക്ക് മതിയായ അനവധി വസ്തുവക സ്വരൂപിച്ചുവെച്ചിരിക്കുന്നു; ആശ്വസിക്ക, തിന്നുക, കുടിക്കുക, ആനന്ദിക്ക എന്നു പറയും". ദൈവമോ അവനോട്: മൂഢാ, ഈ രാത്രിയിൽ നിന്റെ പ്രാണനെ നിന്നോടു ചോദിക്കും[8]. പിന്നെ നീ ഒരുക്കിവെച്ചതു ആർക്കാകും എന്ന് പറഞ്ഞു (വാ.16–20).

അവൻ തന്റെ പാഠം അവസാനിപ്പിച്ച് പറയുന്നു, "ദൈവവിഷയമായി സമ്പന്നനാകാതെ തനിക്കുതന്നെ നിക്ഷേപിക്കുന്നവന്റെ കാര്യം ഇങ്ങനെയാകുന്നു."[9] (വാ.21).

ഉപമയിലെ ആ മനുഷ്യൻ ലോകപ്രകാരം ഉയർന്ന വിജയം കരസ്ഥമാക്കിയ വ്യക്തിയായിരുന്നു. മൂലഗ്രന്ഥം സൂചിപ്പിക്കുന്നത് ആ മനുഷ്യൻ ഒരു കൃഷിക്കാരനും വ്യാപാരിയുമായി, രണ്ടിലും സമൃദ്ധി നേടിയിരുന്നു. ഇന്ന് നാം അങ്ങനെയുള്ള ആളെ "വിജയിയായ വ്യാപാരി," എന്ന് വിളിക്കുന്നു. പണമുണ്ടാക്കുന്ന വ്യാപാരത്തിൽ പ്രത്യേക പ്രാഗത്ഭ്യം അവനുണ്ടായിരുന്നു എന്ന് പറയട്ടെ. ചിലപ്പോൾ "പണമാണ് എല്ലാ ദോഷങ്ങൾക്കും കാരണം" എന്ന് പറയാറുണ്ട്, എന്നാൽ പൗലോസ് പറഞ്ഞു, "ദ്രവ്യ*ാഗ്രഹം* സകലവിധ ദോഷങ്ങൾക്കും കാരണമല്ലോ" (1 തിമൊഥെയൊസ് 6:10; എംഫസിസ് മൈൻ). പണം നല്ല കാര്യങ്ങൾക്ക് ഉപയോഗിക്കാൻ കഴിയും. "അരിമഥ്യക്കാരനായ ധനികനായ യോസേഫ്" "യേശുവിന്റെ ഒരു ശിഷ്യനായിരുന്നു" (മത്തായി 27:57). പ്രശ്നം പണമല്ല, പിന്നെയോ അതിനോടുള്ള ഒരാളുടെ മനോഭാവമാണ്. ജോർജ് ഡബ്ള്യൂ ബൈലി ഇങ്ങനെ പറഞ്ഞു: "വാസ്തവത്തിൽ പണസമ്പാദ്യമല്ല വൃണപ്പെടുത്തുന്നത്, സ്വത്തിനോടുള്ള മനോഭാവമാണ്".[10]

ധനവാൻ മരിച്ചപ്പോൾ, അയാളുടെ സംസ്കാര ശുശ്രൂഷയിൽ അയാളുടെ നല്ല ഗുണങ്ങളെപ്പറ്റി പറയുവാൻ പ്രശ്നം നേരിട്ടിരിക്കയില്ല. സ്പഷ്ടമായും. ആ മനുഷ്യൻ സ്വത്ത് സമ്പാദിച്ചത് ആത്മാർത്ഥതയോടെ ആയിരുന്നു. അവന്റെ വ്യപാരം ചോദ്യം ചെയ്യാവുന്നതോ അല്ലെങ്കിൽ താരതമ്യേന താഴ്ന്നതോ ആയിരുന്നു എന്ന ഒരു സൂചനയുമില്ല. അധാർമികതയുടെ ലക്ഷണമൊന്നും കാണുന്നില്ല; നല്ല, ധാർമിക വ്യക്തിയായിരുന്നു എന്നു കാണാം എന്നിരുന്നാലും, ആ വിജയിയായവ്യാപാരി തന്റെ ആത്മാവിനെ നശിപ്പിക്കുന്ന ഗൗരവമായ പല തെറ്റുകളും ചെയ്തു.

### തെറ്റ് #1 -
### മൂല്യബോധം അവനിൽ കുറവായിരുന്നു

ആദ്യം നോക്കിയാൽ, അവനിൽ മൂല്യബോധം കുറവായിരുന്നു എന്ന് കാണാം. ഉപജീവന മാർഗ്ഗത്തിന് ദൈവത്തിന്റെ പ്രകൃതിനിയമങ്ങളെ പിൻപറ്റുവാൻ അവന് അറിയാമായിരുന്നു, എന്നാൽ ഒരു ജീവിതത്തിന് വേണ്ട ദൈവത്തിന്റെ ആത്മീയ നിയമങ്ങളെ അവൻ ഉപേക്ഷിച്ചിരുന്നു. ഒരാളുടെ ജീവിതത്തിൽ തത്വങ്ങൾ വളരേണ്ടതിന് ആവശ്യമായ ലക്ഷ്യം, ദിശ, എന്നിവയെക്കാൾ പ്രാധാന്യമുള്ള മറ്റൊന്നില്ല.എന്നാൽ ആ തത്വം എന്റെ ജീവിതത്തെ നയിച്ചാൽ എനിക്ക് ധനവാനാകുവാൻ കഴിയും എന്ന് ഞാൻ വിശ്വസിക്കുന്നു. സമ്പത്ത് ശേഖരിക്കുന്നതിനെ കുറിച്ചുള്ള പുസ്തകങ്ങളിൽ പറ

യുന്നത് ആ ലക്ഷ്യത്തിൽ നിങ്ങളുടെ മനസ്സിനെ പൂർണമായും ഉൾപ്പെടുത്തണം എന്നാണ്. അത്തരം ലക്ഷ്യത്തിലുള്ള അപകടങ്ങളെക്കുറിച്ച് പൗലൊസ് എഴുതി:

> *ധനികന്മാരാകുവാൻ ആഗ്രഹിക്കുന്നവർ* പരീക്ഷയിലും കണിയിലും കുടുങ്ങുകയും മനുഷ്യർസംഹാരനാശങ്ങളിൽ മുങ്ങിപ്പോകുവാൻ ഇടവരുന്ന മൗഢ്യവും ദോഷകരവുമായ പല മോഹങ്ങൾക്കും ഇരയായിത്തീരുകയും ചെയ്യുന്നു. ദ്രവ്യാഗ്രഹം സകലവിധ ദോഷത്തിനും മൂലമല്ലോ. *ഇത് ചിലർ കാംക്ഷിച്ചിട്ടു* വിശ്വാസം വിട്ടുഴന്ന് ബഹുദുഃഖങ്ങൾക്കു അധീനരായി ത്തീർന്നിരിക്കുന്നു (1 തീമൊഥെയൊസ് 6:9, 10; എംഫസിസ് മൈൻ).

ധനികൻ അവന്റെ സമ്പാദ്യങ്ങളിലായിരുന്നു ശ്രദ്ധിച്ചിരുന്നത്. വേദഭാഗം സൂചിപ്പിക്കുന്നതുപോലെ, അവൻ ദൈവത്തെക്കുറിച്ചോ, അവന്റെ സഹമനുഷ്യരെകുറിച്ചോ, അല്ലെങ്കിൽ അവന്റെ ഉത്തരവാദിത്വത്തെക്കുറിച്ചോ ഒരിക്കലും ചിന്തിച്ചിരുന്നില്ല. ഒരു ചെറിയ നാണയം കൺമുമ്പിൽ പിടിച്ചാൽ വലിയ പർവ്വതത്തെ അതു മറയ്ക്കും. അതുപോലെ, സമ്പാദ്യങ്ങളെക്കുറിച്ചുള്ള അമിത ആവേശം അയാളുടെ ജീവിതത്തിലെ പ്രാധാന്യമുള്ളത് നഷ്ടപ്പെടുത്തിക്കളയും.[11]

"*കാണുന്നതി*നെയല്ല,[12] *കാണാത്തതിനെ*യത്രേ ഞങ്ങൾ നോക്കിക്കൊണ്ടിരിക്കുന്നു; കാണുന്നത് താൽകാലികം,[13] കാണാത്തതോ നിത്യം" (2 കൊരിന്ത്യർ 4:18; എംഫസിസ് മൈൻ). യേശു ചോദിച്ചു, "ഒരു മനുഷ്യൻ സർവ്വലോകവും നേടിയിട്ടും തന്റെ ജീവനെ നഷ്ടപ്പെടുത്തിയാൽ അവന് എന്ത് പ്രയോജനം? അല്ല, തന്റെ ജീവനെ വീണ്ടുകൊൾവാൻ മനുഷ്യൻ എന്ത് മറുവില കൊടുക്കും" (മത്തായി 16:26). നമ്മെ ഓരോരുത്തരേയും "മുമ്പേ (ദൈവത്തിന്റെ) രാജ്യവും അവന്റെ നീതിയും അന്വേഷിപ്പാൻ പ്രബോധിപ്പിച്ചിരിക്കുന്നു" (മത്തായി 6:33). ഒരു മനുഷ്യന്റെ നിക്ഷപം എവിടെ എന്ന് നോക്കി അവന്റെ ഹൃദയം എവിടെ ഇരിക്കുന്നു എന്ന് പറയാം എന്ന് അവൻ പറഞ്ഞു (മത്തായി 6:21).

താൽക്കാലികമായവയിൽ ആയിരുന്നു ആ ധനികന്റെ ആശ്രയം. ദൈവം അവനോടു പറഞ്ഞു, "മൂഢാ, ഈ രാത്രിയിൽ നിന്റെ പ്രാണനെ നിന്നോട് ചോദിക്കും, പിന്നെ നീ ഒരുക്കിവെച്ചത് ആർക്കാകുന്നു?" (ലൂക്കോസ് 12:20). ആളുകൾ അവരുടെ ജീവിതത്തിൽ ആസ്വദിക്കേണ്ടതിന് പലതും സമ്പാദിച്ച് കൂട്ടുവാൻ ശ്രമിക്കും – പിന്നെ, അവസാനം, അവർക്ക് എന്തുണ്ടാകും? ഒന്നുമില്ല.[14] സങ്കീർത്തനക്കാരൻ പറയുന്നതനുസരിച്ച് ഒരു ധനികൻ മരിക്കുമ്പോൾ, "അവൻ ഒന്നും കൊണ്ടു പോകുന്നില്ല" (സങ്കീർത്തനങ്ങൾ 49:16, 17). ഇയ്യോബ് പറഞ്ഞു "നഗ്നനായി ഞാൻ എന്റെ അമ്മയുടെ ഉദരത്തിൽനിന്നും പുറപ്പെട്ടുവന്നു, നഗ്നനായിത്തന്നെ മടങ്ങിപ്പോകും" (ഇയ്യോബ് 1:21). പൗലോസ് എഴുതി, "ഇഹലോകത്തിലേക്ക് നാം ഒന്നും കൊണ്ടുവന്നിട്ടില്ല; ഇവിടെ നിന്ന് യാതൊന്നും കൊണ്ടുപോകാൻ കഴിയുന്നതുമല്ല" (1 തിമൊഥെയോസ് 6:7).[15] കല്ലറയിൽ നിലനിൽക്കാത്തതിന് മുൻഗണനകൾ നാം കൊടുക്കരുത്. യേശു പറഞ്ഞു,

> പുഴുവും തുരുമ്പും കെടുക്കയും കള്ളന്മാർ തുരന്ന് മോഷ്ടിക്കയും ചെയ്യുന്ന ഈ ഭൂമിയിൽ നിങ്ങൾ നിക്ഷേപം സ്വരുപിക്കരുത്. പുഴുവും

തുരുമ്പും കെടുക്കാതയും കള്ളന്മാർ തുരന്ന് മോഷ്ടിക്കാതെയും ഇരിക്കുന്ന സ്വർഗ്ഗത്തിൽ നിക്ഷേപം സ്വരൂപിച്ച് കൊൾവിൻ (മത്തായി 6:19, 20).

ധനികനായ ഒരു കാലിവളർത്തുകാരൻ ഒരു ഉപദേഷ്ടാവിനെ ഒരു ഉയർന്നമലയുടെ മുകളിലേക്ക് കൊണ്ടുപോയി, കിഴക്കും പടിഞ്ഞാറും, വടക്കും തെക്കും ചൂണ്ടിക്കാണിച്ചുകൊണ്ടു പറഞ്ഞു, "നിങ്ങൾക്ക് കാണുവാൻ കഴിയുന്നേടത്തോളം നോക്കുക," "അതെല്ലാം എന്റേതാണ്." ഉപദേഷ്ടാവ് സ്വർഗ്ഗത്തേക്ക് വിരൽചൂണ്ടിചോദിച്ചു "*അവിടെ* നിങ്ങൾക്ക് എന്തു മാത്രമുണ്ട്?" വാസ്തവത്തിൽ പ്രാധാന്യമുള്ളത് നാം പ്രത്യേകമായികാണുകയും ജീവിതത്തിൽ അവക്ക് *പ്രഥമ* സ്ഥാനം നൽകുകയും വേണം.

**തെറ്റ് #2-**
**അവൻ സ്വാർത്ഥനായിരുന്നു**

രണ്ടാമതായി, വിജയിയായ വ്യാപാരി സ്വാർത്ഥനായിരുന്നു. ഗ്രീക്കിൽ ഒന്നാം-വ്യക്തി പറയുന്നു ("ഞാൻ," "എന്റെ") അവന്റെ സംഭവം പറയുന്ന മൂന്നു വാക്യങ്ങളിൽ പന്ത്രണ്ടു പ്രാവശ്യം കാണാം.

ധനമുണ്ടാക്കുവാൻ ശ്രമിക്കുന്നവർക്ക് മറ്റുള്ളവരെ കാണുവാൻ കഴിയാതെ സ്വന്തകാര്യങ്ങളിൽ മാത്രം ഒതുങ്ങി നിൽക്കുന്ന അവസ്ഥ കാണാം. പണം വർദ്ധിച്ചപ്പോൾ അത് എന്ത് ചെയ്യണമെന്ന് അറിയില്ല എന്നും "ഞാൻ അത് നിക്ഷേപിച്ചിരിക്കയാണ്" എന്നും ഒരു ക്രിസ്തീയവ്യാപാരി ഒരിക്കൽ പറഞ്ഞു. അതിനുശേഷം, ഉടനെ അദ്ദേഹം അംഗമായിരിക്കുന്ന സഭയിൽ കൊടുക്കേണ്ടതായ ഒരു സാഹചര്യം നേരിട്ടു. അദ്ദേഹം ഇടവകയിലെ മിക്ക വിധവമാർ നൽകിയതിനേക്കാൾ കുറവായിരുന്നു നൽകിയത്! ജനലിന്റെ ചില്ലും വീട്ടിൽ ഉപയോഗിക്കുന്ന കണ്ണാടിയും തമ്മിലുള്ള വ്യത്യാസം ചില്ലിന്റെ പുറകിലുള്ള *വെള്ളി*യാണ്.[16] സാധാരണ വ്യക്തമായ ചില്ലിൽകൂടെ നോക്കിയാൽ ഒരാൾക്ക് മറ്റുള്ളവരെ കാണാം, എന്നാൽ രസം പുറകിൽ പൂശിയിട്ടുള്ള കണ്ണാടിയിൽ നോക്കിയാൽ നിങ്ങൾക്ക് നിങ്ങളെത്തന്നെ കാണാം.[17]

അധികം വരുന്ന ധാന്യം കൂട്ടിവെക്കുന്നതിനു അവന് ഒരു "കളപ്പുര" ഉണ്ടായിരുന്നു എന്ന കാര്യം ആ ധനവാൻ തിരിച്ചറിഞ്ഞില്ല: കൂടാതെ, കഷ്ടപ്പെടുന്നവരുടെ കൈകളോ, വിശക്കുന്നവരുടെ വായോ, തണുപ്പേൽക്കുന്നവരുടെ ശരീരങ്ങളെയോ, അനാഥരെയും വിധവമാരെയുമോ അവൻ ചിന്തിച്ചില്ല.[18] (ലൂക്കൊസ് 12:33; എഫെസ്യർ 4:28 നോക്കുക).

ദൈവം നമ്മെ ഈ ഭൂമിയിലാക്കിയിരിക്കുന്നതു മറ്റുള്ളവരെ സേവിക്കുന്നതിനാണ്. "ആകയാൽ അവസരം കിട്ടുംപോലെ നാം എല്ലാവർക്കും വിശേഷാൽ സഹവിശ്വാസികൾക്കും നന്മ ചെയ്ക" (ഗലാത്യർ 6:10). ജമൺ എച്ച്. ഹെയിൻസ്, അച്ചാറ് വിൽപനയിൽ വിജയം കൈവരിച്ചു,[19] അതിൽ ഈയൊരു മുദ്രാവാക്യം ഉണ്ടായിരുന്നു: "ആദ്യം ദൈവം, രണ്ടാമത് മറ്റുള്ളവർ, മൂന്നാമത് അച്ചാറുകൾ". ഒരു വൃദ്ധൻ തന്റെ മകനോട് പറഞ്ഞു: "നിന്റെ പണത്തെക്കുറിച്ച് ദൈവം ന്യായവിധിയിൽ നിന്നോട് മൂന്ന് ചോദ്യങ്ങൾ ചോദിക്കും: (1) നിനക്ക് കഴിയുന്നത്ര ഉണ്ടാക്കുവാൻ പറ്റിയോ? (2) നീ അത് സത്യസന്ധമായിട്ടാണോ ഉണ്ടാക്കിയത്? (3) അത് നീ മറ്റുള്ളവർക്കുവേണ്ടി ഉപയോഗിച്ചോ?" ധനം ആസ്വദിക്കുവാൻമാത്രം ഉള്ളതല്ല; അത് മറ്റുള്ളവരെ-സഹായിക്കുവാൻ ഉപയോഗിക്കയും വേണം.

ധനവാൻ വിചാരിച്ചത് തന്റെ സമ്പാദ്യങ്ങൾ അവന്റേതാണെന്നും, അത് തനിക്ക് ഇഷ്ടം പോലെ ചെയ്യാമെന്നുമാണ്. അവൻ അതിന്റെ വെറുമോരു *കാര്യവിചാരകൻ* മാത്രമാണെന്ന കാര്യം അവൻ തിരിച്ചറിഞ്ഞില്ല. നിയമപരമായി, നാം വസ്തുക്കൾ സ്വന്തമാക്കുന്നു; എന്നാൽ ബൈബിൾ പരമായി, നാം ആരിൽനിന്ന് ലഭിച്ചുവോ ആ കർത്താവിനുവേണ്ടി നാം അതിനെ കൈകാര്യം ചെയ്യണം.[20] ധനവാനായ മനുഷ്യൻ മറ്റുള്ളവരെ തുടർച്ചയായി കരയുമാറാക്കി: "എനിക്കുള്ളത് *എന്റേതാണ്,* അത് എന്ത് ചെയ്യണമെന്ന് ആർക്കും പറയുവാൻ സാധ്യമല്ല!"

സ്വാർത്ഥത നമ്മിൽനിന്ന് നീങ്ങേണ്ട പ്രതിസന്ധി അഭിമുഖീകരിക്കുമ്പോൾ അത് നമ്മുടെ ഏററവും വലിയ ആത്മീയമായ പോരാട്ടമാണ് (ഫിലിപ്പിയർ 2:3 നോക്കുക). "ഒരു സ്വാർത്ഥതയിൽ–കേന്ദ്രീകരിച്ച ഒരു യുവതിയെകുറിച്ച് പറഞ്ഞു, 'എടിത്ത് ഒരു ചെറിയ ലോകം, വടക്കും, തെക്കും, കിഴക്കും, പടിഞ്ഞാറും എടിത്തിന്റേതായി ഉണ്ടാക്കി'".[21] നിങ്ങളും ഞാനും എടിത്തിനെപ്പോലെയാകുവാൻ സാധ്യതയുണ്ടോ? മറ്റുള്ളവരുടെ ആവശ്യങ്ങളെക്കുറിച്ച് നാം വിചാരപ്പെടുന്നുണ്ടോ, അല്ലെങ്കിൽ മറ്റുള്ളവരെ സഹായിക്കുന്നതിനുള്ള അവസരങ്ങൾ നാം ഉപയോഗിക്കുന്നുണ്ടോ? മറ്റുള്ളവരെക്കുറിച്ച് ചിന്തിക്കേണ്ടത് മനസ്സിലാക്കുവാൻ ദൈവം നമ്മെ സഹായിക്കട്ടെ!

### തെറ്റ് #3- തന്റെ ആത്മാവിന് വേണ്ട ഭൗതീകമായ കാര്യങ്ങൾ തനിക്ക് നൽകുവാൻ കഴിയുമെന്ന് അവൻ വിചാരിച്ചു

മൂന്നാമതായി, തന്റെ ആത്മാവിനുവേണ്ടി ഭൗതീകമായ വസ്തുക്കൾ നൽകുവാൻ കഴിയുമെന്നാണ് ആ വിജയിയായ വ്യാപാരി വിചാരിച്ചത്. അവൻ പറഞ്ഞു, "നിനക്ക് എറിയ ആണ്ടുകൾക്ക് മതിയായ അനവധി വസ്തുവക സ്വരുപിച്ചു വെച്ചിരിക്കുന്നു; ആശ്വസിക്ക, തിന്നുക, കുടിക്ക, ആനന്ദിക്ക എന്ന് പറയുന്നു."[22] (ലൂക്കൊസ് 12:19).

ആ മനുഷ്യന്റെ വാക്കുകളിലെ വിഡ്ഢിത്തം വ്യക്തമായിരുന്നു. നിങ്ങളുടെ മനസ്സിലേക്ക് ഒരു മേശപ്പുറം കൊണ്ടുവരികയാണ്.[23] അതിന്റെ ഇടതു വശത്ത് രുചികരമായ ആഹാരം. വലതു വശത്ത് ബൈബിൾ ഇരിക്കുന്നു. ഒന്ന് ശരീരത്തിനുള്ള ആഹാരമാണെങ്കിൽ മറ്റേത് ആത്മാവിനുള്ള ആഹാരമാണ്. നമുക്ക് ഒരു ആഹാരമെടുത്ത് മറ്റൊന്നിനായി കൊടുപ്പാൻ സാധ്യമല്ല. "നശിച്ചുപോകുന്ന ആഹാരവും" "നിത്യജീവങ്കലേക്കുള്ള ആഹാരവും" തമ്മിൽ ഉള്ള വ്യത്യാസം യേശു വ്യക്തമാക്കുന്നു (യോഹന്നാൻ 6:27). അവൻ പറഞ്ഞു, "മനുഷ്യൻ അപ്പം കൊണ്ടുമാത്രമല്ല, ദൈവത്തിന്റെ വായിൽകൂടിവരുന്ന സകല വചനം കൊണ്ടും ജീവിക്കുന്നു എന്ന് എഴുതിയിരിക്കുന്നു" (മത്തായി 4:4). ഭൗതികമായതിന് നൽകുകയും ആത്മീയമായതിന് നല്കാതിരിക്കുകയും ചെയ്യുന്നതാണ് വിഡ്ഢിത്തം.

ധനവാൻ അകപ്പെട്ട അതേ കെണിയിൽതന്നെ ചിലപ്പോൾ നാമും വീഴുവാൻ സാദ്ധ്യതയില്ലേ? നാം ഇങ്ങനെ, "എനിക്ക് ഇത്രമാത്രമേ[24] ഉള്ളു എങ്കിലും ഞാൻ സന്തോഷിക്കുമോ"? പലരും കൂടുതൽ കൂടുതൽ ശേഖരിക്കുന്നതുകൊണ്ടു സമാധാനവും ഭദ്രതയും കിട്ടുമെന്നാണ് പ്രതീക്ഷിക്കുന്നത്, എന്നാൽ കർത്താവ് പറഞ്ഞു, "ഒരുത്തന് സമൃദ്ധിയുണ്ടായാലും അവന്റെ

വസ്തുവകയല്ല അവന്റെ ജീവന് ആധാരമായിരിക്കുന്നത്" (ലൂക്കൊസ് 12:15; കെജെവി) കൂടുതൽ നേടുന്നത് കൊണ്ടല്ല സന്തോഷം ഉണ്ടാകുന്നത്, എന്നാൽ, നമുക്ക് ഉള്ളതിനോടുള്ള ക്രിയാത്മക മനോഭാവമാണ് സന്തോഷിപ്പിക്കുന്നത്. പൗലോസ് എഴുതി,

> ... അലംഭാവത്തോട്കൂടിയ... ദൈവഭക്തി വലുതായ ആദായം ആകുന്നു താനും ഇഹലോകത്തിലേക്ക് നാം ഒന്നും കൊണ്ടു വന്നിട്ടില്ല, ഇവിടെ നിന്ന് യാതൊന്നും കൊണ്ട്പോകാൻ കഴിയുന്നതുമല്ല. ഉൺമാനും ഉടുപ്പാനുമുണ്ടെങ്കിൽ മതി എന്ന് നാം വിചാരിക്ക (1 തിമൊഥെയോസ് 6:6–8).

ഒരാൾ പറഞ്ഞു "ലോകം മുഴുവൻ സന്തോഷത്തിന്റെ പുറകേയാണ്, എന്നാൽ പലരും തെറ്റായ മാർഗ്ഗത്തിലാണ്." നീണ്ടു നീണ്ടു നില്ക്കുന്ന സന്തോഷം വാങ്ങുന്നതിനെക്കാൾ കൊടുക്കുന്നതിൽ നിന്നാണ് ലഭിക്കുന്നത്. ജോൺ ബനിസ്റ്റർ എഴുതി, "ജീവിതത്തിലെ മുഖ്യകാര്യം ... വരുമാനമല്ല എന്നാൽ പുറത്തേക്ക് പോകുന്നതാണ്".[25] യേശുപറഞ്ഞു, "വാങ്ങുന്നതിനേക്കാൾ കൊടുക്കുന്നതിലാണ് സന്തോഷം [ആനുഗ്രഹാവസ്ഥ]" (പ്രവൃത്തികൾ 20:35).

*വസതുക്കൾ*കൊണ്ട് ഒരിക്കലും ആത്മാവിനെ തൃപ്തിപ്പെടുത്തുവാൻ സാധ്യമല്ല. നിങ്ങളുടെ ആത്മാവിനു നൽകുവാൻ നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ, നിങ്ങൾ ദൈവത്തോടുള്ള അനുസരണ ബന്ധത്തിലും മറ്റുള്ളവരോടുള്ള സ്നേഹബന്ധത്തിലും അതിനെ പോറ്റി പുലർത്തണം.

## തെറ്റ് #4- "ജീവിതത്തെ വാടകക്ക് കൊടുക്കാമെന്ന്" അവൻ വിചാരിച്ചു

ആ ധനവാന്റെ മറ്റു തെറ്റുകളും നിരത്തുവാൻ കഴിയും, എന്നാൽ ഞാൻ ഒന്നുകൂടെ പറയുവാൻ ആഗ്രഹിക്കുന്നു: അവൻ "ജീവിതത്തെ വാടകക്ക് കൊടുക്കാമെന്നു" വിചാരിച്ചു, ഇനിയും ധാരാളം വർഷം ജീവിച്ച് സമൃദ്ധി അനുഭവിക്കാമെന്ന് അവൻ കരുതി. "നിനക്ക് *ഏറിയ ആണ്ടുകൾക്ക്* മതിയായ അനവധി വസ്തുവക സ്വരൂപിച്ചു വെച്ചിരിക്കുന്നു" എന്ന് അവൻ വിചാരിച്ചു (ലൂക്കൊസ് 12:19; എംഫസിസ് മൈൻ); എന്നാൽ ദൈവം അവനോട് പറഞ്ഞു, "മൂഢാ, *ഈ രാത്രിയിൽ* നിന്റെ പ്രാണനെ നിന്നോട് ചോദിക്കും" (വാ.20; എംഫസിസ് മൈൻ).

"ലോകത്തിൽ തങ്ങൾക്ക് എല്ലാറ്റിനും സമയം കിട്ടും" എന്ന് ചിലർ വിചാരിക്കുന്നു – ക്രിസ്ത്യാനിയാകുവാനുള്ള സമയം, കർത്താവിനു വേണ്ടി ഗൗരവമായി ജീവിക്കുവാനുള്ള സമയം, അവർ എങ്ങനെയുള്ള സ്ത്രീ പുരുഷന്മാരാകണമെന്നുള്ളതിനുള്ള സമയം മുതലായവ. ഒന്നിലധികം ആളുകൾ എന്നോട് പറഞ്ഞു, "ഉവ്വ്, എനിക്ക് അതു ചെയ്യേണ്ടതാണെന്ന് അറിയാം, പക്ഷെ ഒരു ദിവസം ഞാൻ അതു ചെയ്യും." ശലോമോൻ മുന്നറിയിച്ചു, "നാളത്തെ ദിവസത്തെച്ചൊല്ലി പ്രശംസിക്കരുത്. ഒരു ദിവസത്തിൽ എന്തെല്ലാം സംഭവിക്കുമെന്ന് അറിയുന്നില്ലല്ലൊ" (സദൃശവാക്യങ്ങൾ 27:1). ആത്മവിശ്വാസത്തോടെ ഭാവിയെ സംബന്ധിച്ച് പദ്ധതി തയ്യാറാക്കുന്നവർക്ക് യാക്കൊബ് എഴുതി,

> “ഇന്നോ നാളെയോ ഞങ്ങൾ ഇന്ന പട്ടണത്തിൽ പോയി അവിടെ ഒരാണ്ട് കഴിച്ച്, വ്യാപാരം ചെയ്ത് ലാഭം ഉണ്ടാക്കുമെന്ന് പറയുന്നവരേ,” കേൾപ്പിൻ, “നാളത്തേത് നിങ്ങൾ അറിയുന്നില്ലല്ലൊ, നിങ്ങളുടെ ജീവൻ എങ്ങനെയുള്ളത്? അല്പനേരത്തേക്ക് കാണുന്നതും പിന്നെ മറഞ്ഞുപോകുന്നതുമായ ആവിയല്ലൊ, കർത്താവിന് ഇഷ്ടമുണ്ടെങ്കിൽ ഞങ്ങൾ ജീവിച്ചിരുന്ന് ഇന്നിന്നതു ചെയ്യും എന്നല്ലയോ പറയേണ്ടത്” (യാക്കൊബ് 4:13–15).

ജീവിതം ചുരുങ്ങിയതും അനിശ്ചിതവുമാണ്. ബൈബിൾ നമ്മെ പഠിപ്പിക്കുന്നത്, “സ്ത്രീ പ്രസവിച്ച മനുഷ്യൻ അല്പായുസുള്ളവനും കഷ്ടസമ്പൂർണ്ണനും ആകുന്നു. അവൻ പൂ പോലെ വിടർന്നു കൊഴിഞ്ഞുപോകുന്നു. നിലനില്ക്കാതെ നിഴൽ പോലെ ഓടിപ്പോകുന്നു” (ഇയ്യോബ് 14:1, 2). നമുക്ക് നാളത്തെ ദിവസത്തെ ആശ്രയിക്കുവാൻ സാധ്യമല്ല, കാരണം നാളെ വന്നെന്നിരിക്കയില്ല. ചെയ്യേണ്ട കാര്യങ്ങൾ ഇന്നു തന്നെ ചെയ്യണം.

മരണത്തെ കുറിച്ചുള്ള ചിന്ത നാം ഉപേക്ഷിക്കും, എന്നാൽ അതു സംഭവിക്കാം – പലപ്പോഴും സംഭവിക്കുന്നത് – അപ്രതീക്ഷിതമായിട്ടാണ്. ധനവാൻ ഒരുപക്ഷെ തന്റെ ജീവിതത്തിൽ മുഖ്യഭാഗവും, തനിക്ക് വളരെക്കാലം ജീവിക്കുവാനുണ്ട് എന്നായിരിക്കാം ചിന്തിച്ചത്. എന്നാൽ നേരെ മറിച്ച് അവന് ഇരുപത്തി–നാലു മണിക്കൂർ പോലും കിട്ടിയില്ല: “നിന്റെ പ്രാണൻ ഈ രാത്രിയിൽ ചോദിക്കും.'' ''ആകസ്മിക മരണം'' പത്രത്തിന്റെ തലക്കെട്ടിൽ കാണാം![26] ആർക്കും മരണത്തിൽനിന്ന് ഒഴിഞ്ഞുമാറാവുന്നതല്ല; ഒരു മരുന്നിനും അതിനെ തടയുവാൻ സാധ്യമല്ല (എബ്രായർ 9:27). തന്റെ മരണത്തെ ശ്രദ്ധിച്ച ഒരു മനുഷ്യനെ കുറിച്ച്, ഞാൻ വായിക്കയുണ്ടായി.[27] അദ്ദേഹത്തിന്റെ കൊളൊസ്ട്രോളിന്റെ അളവ് നിയന്ത്രിച്ചു. ശരിയായ ആഹാരക്രമീകരണം നടത്തി. കൃത്യമായ വ്യായാമവും ചെയ്തിരുന്നു. ഡോക്ടറെ കാണേണ്ട സമയങ്ങളിലെല്ലാം കണ്ട് പരിശോധനയും നടത്തി. പിന്നെ അയാളെ ഒരു ലോറിയിടിക്കുകയും അയാൾ മരിക്കുകയും ചെയ്തു! നമ്മിൽ ആർക്കും നാളെയെക്കുറിച്ച് ഒരു ഉറപ്പുമില്ല. നിത്യതക്കായി എപ്പോഴും ഒരുങ്ങിയിരിക്കേണ്ടതു പ്രാധാന്യമുള്ള കാര്യമാണ്.

കർത്താവ് ഇന്നു രാത്രി നിങ്ങളുടെ അടുത്തുവന്ന് ഇങ്ങനെ പറഞ്ഞാലോ, “ഇന്നു രാത്രി നിന്റെ പ്രാണനെ ഞാൻ നിന്നോട് ചോദിക്കും”? നിങ്ങളുടെ ആത്മാവ് ഒരുങ്ങിയിട്ടുണ്ടോ? ആരോ എഴുതി, ''ആധുനിക ലോകത്തിൽ, ആത്മാവ് ഉപദ്രവരഹിതമായിരിക്കുന്നു, എങ്കിലും അതു വിലയില്ലാത്ത ബന്ധത്തിലാണ് – ഏതാണ്ട് ഒരാളുടെ പരിശിഷ്ടം പോലെയാണ്.”[28] എങ്ങനെയായാലും, ഒരാളുടെ വിലയേറിയ സമ്പാദ്യമാണ് ആത്മാവ് എന്നത്രേ ബൈബിൾ പഠിപ്പിക്കുന്നത് – അതായത്, വാസ്തവത്തിൽ, ഒരാൾ ആരാണെന്ന സത്തയാണ് അത്. ആത്മാവ് നഷ്ടമായാൽ, എല്ലാം നഷ്ടമായി. യേശുവിന്റെ ചോദ്യം ഓർക്കുക: “ഒരു മനുഷ്യൻ സർവ്വലോകവും നേടീട്ടും തന്റെ ആത്മാവിനെ നഷ്ടപ്പെടുത്തിയാൽ അവന് എന്തു പ്രയോജനം?” (മത്തായി 16:26). മനസിലാക്കാവുന്ന ഉത്തരം “അവന് ഒരു പ്രയോജനവുമില്ല!” എന്നതാണ്. നാം ഓരോരുത്തരും ഈ ഭയങ്കര വാക്കുകൾക്കായി കാത്തിരിക്കണം: ''ഈ ... രാത്രിയിൽ നിന്റെ പ്രാണനെ നിന്നോടു ചോദിക്കും.”

## ഉപസംഹാരം

ധനവാന്റെ ശവസംസ്ക്കാര ശുശ്രൂഷയിൽ അദ്ദേഹത്തെക്കുറിച്ച് നല്ല കാര്യങ്ങൾ പറയുവാൻ ഉപദേഷ്ടാവിന് ബുദ്ധിമുട്ടുണ്ടാകയില്ല എന്നു ഞാൻ മുൻപ് പറഞ്ഞുവല്ലൊ. അതുപോലെ അവനെ അടക്കിയ ആളുകൾക്കും "നമ്മെ നയിച്ച നല്ലൊരു പൗരനാണ് ഇവിടെ കിടക്കുന്നത്," എന്ന സ്മരണ ക്കുറിപ്പ് എഴുതുവാനും ബുദ്ധിമുട്ടുണ്ടാകയില്ല. എങ്ങനെയായാലും, ഫല ത്തിൽ, അയാളെ കുറിച്ച് കർത്താവിന്റെ സ്മരണക്കുറിപ്പ് എന്തെന്നാൽ, "ഒരു മൂഢൻ ഇവിടെ കിടക്കുന്നു." ആ വിജയിയായ വ്യാപാരി പരാജയപ്പെട്ടതു പോലെ നാം പരാജയപ്പെടാതിരിക്കുവാൻ കർത്താവ് നമ്മെ സഹായിക്കട്ടെ:

- മൂല്യബോധത്തോടെ നാം പ്രവർത്തിക്കണം.
- സ്വാർത്ഥതക്കെതിരെ നമ്മെ സൂക്ഷിക്കണം.
- നമ്മുടെ ആത്മാക്കൾക്ക് വേണ്ടി ഭൗതികകാര്യങ്ങൾ നൽകുവാൻ കഴിയുമെന്ന് നാം ഒരിക്കലും വിചാരിക്കരുത്.
- നമ്മുടെ "ജീവിതത്തിനു വാടകയില്ല" എന്നു നാം തിരിച്ചറിയണം.

നാം ഇത് അവസാനിപ്പിക്കുമ്പോൾ, അവസാന പോയിന്റ് നാം പരിഗണി ക്കണം. ജീവിതത്തിൽ മറ്റൊരു ദിവസം നമുക്ക് ഉറപ്പില്ല. ഈ പഠനം നിങ്ങ ളുടെ മനസാക്ഷിയെ ഉണർത്തുവാൻ സാധിച്ചു എന്നു വിചാരിക്കുന്നു. ഒരു പക്ഷെ അത് നിങ്ങളുടെ പാപത്തെ കുറിച്ച് ബോധം വരുത്തിയിരിക്കാം. അങ്ങ നെയെങ്കിൽ, ജീവിതം ചുരുക്കവും അനിശ്ചിതവുമാണെന്ന് തിരിച്ചറിയുകയും, ദൈവകരുണക്കായി നിങ്ങളെ ഇന്നു തന്നെ ഏല്പിക്കുകയും ചെയ്യുക.

നമ്മിൽ മിക്കപേർക്കും സമയത്തെ കുറിച്ച്–ബോധമുണ്ട്.[29] "സമയം എന്തായി?" എന്നതു സാധാരണ കേൾക്കാറുള്ള ചോദ്യമാണ്. ഭൗതികലോ കത്തിൽ സമയം എന്തായി എന്ന് എന്റെ കയ്യിലുള്ള വാച്ച് കാണിക്കും. ആത്മിയ സമയത്തെ കാണിക്കുന്നത് എന്റെ കയ്യിൽ പിടിച്ചിരിക്കുന്ന പുസ്ത കമാണ്.[30] പാപികൾ രക്ഷിക്കപ്പെടേണ്ട സമയമാണിത് (മർക്കൊസ് 16:15, 16; പ്രവൃത്തികൾ 2:38). അവിശ്വസ്തർ യഥാസ്ഥാനപ്പെടേണ്ട സമയമാണിത് (ഗലാത്യർ 6:1; പ്രവൃത്തികൾ 8:22, 23; യാക്കോബ് 5:16). "'ഇപ്പോഴാകുന്നു സുപ്രസാദ*കാലം*,' ... 'ഇപ്പോഴാകുന്നു രക്ഷാദിവസം'" (2 കൊരിന്ത്യർ 6:2; എംഫസിസ് മൈൻ).

## പ്രസംഗക്കുറിപ്പുകൾ

ഞാൻ താമസിച്ച സ്ഥലത്തോ അല്ലെങ്കിൽ സന്ദർശിച്ച സ്ഥലത്തോ ലൂക്കൊസ് 12:13–21 ന്റെ സന്ദേശം ആവശ്യമാണ്. ലെയിൽ ലൈറ്റ്ഫുട്ട് എഴുതി, "ഉപമകളിൽ വെച്ച് ഏറ്റവും പ്രായോഗികമായത്, നല്ല ശമര്യക്കാരന്റെ ഉപമയാണ്, എന്നാൽ ധനവാനായ മൂഢന്റെ ഉപമ ഏറ്റവും ആവശ്യമായതുമാണ്."[31] പ്രസംഗപീഠത്തിൽ ഞാൻ ഇതു പ്രസംഗിക്കുക മാത്രമല്ല, അതിന്റെ ചുരുക്ക രൂപം ഞാൻ ഭരണാധികാരികളോടും അവതരി പ്പിച്ചിട്ടുണ്ട്. ധാരാളം ലളിതമായി ഖണ്ഡിക്കുന്ന പാഠങ്ങൾ അവതരിപ്പിക്കു ന്നതിനെ കുറിച്ച് ഞാൻ പറഞ്ഞത് നിങ്ങൾ ശ്രദ്ധിച്ചിരിക്കുമല്ലൊ. ചെറിയ ചിന്തയോട് കൂടി, ആ നിർദ്ദേശങ്ങളോട് ചേർത്ത് നിങ്ങൾക്ക് ഉപയോഗിക്കാം.

ഉദാഹരണത്തിനു, ആയുസ് ചുരുക്കമാണ് എന്ന് കാണിക്കുന്നതിന്, ഒരു പുഷ്പം എടുത്തു കാണിക്കാം (ഇയ്യോബ് 14:2). ശരീരത്തിന് ആഹാരം എന്നു പറയുമ്പോഴും, ആത്മാവിന് ആഹാരം എന്നു പറയുമ്പോഴും നിങ്ങൾക്ക് വേണമെങ്കിൽ കയ്യിൽ ഒരു പ്ലെയിറ്റോ പാത്രമോ എടുത്ത് കാണിക്കാം.

---

**കുറിപ്പുകൾ**

[1]എന്റെ വിഭവങ്ങൾ എഴുതിത്തുടങ്ങാത്ത സമയത്ത് പ്രസംഗക്കുറിപ്പുകളെ ആസ്പദമാക്കിയുള്ളതാണ് ഈ അവതരണം. ആർക്കെങ്കിലും ബഹുമതി കൊടുക്കുവാൻ വിട്ടുപോയിട്ടുണ്ടെങ്കിൽ ക്ഷമ ചോദിക്കുന്നു. [2]അമേരിക്കയിലും, മറ്റു സ്ഥലങ്ങളിലും ഉള്ള ചില കടകളിൽ, ജനലുകൾ ഉള്ളതു നടന്നുപോകുന്നതിനു അടുത്തായിരിക്കും. വില്പനക്കുള്ള സാധനങ്ങളുടെ സാമ്പിൾ ആ ജനലുകളിൽ കാണാം. ചിലപ്പോൾ സാധനങ്ങൾ അപ്പോൾ വില്ക്കുന്ന വിലയും എഴുതിയിരിക്കും. രാത്രിയിൽ കട പൊളിച്ച് അകത്ത്കടന്നു സാധനങ്ങളുടെ വില മാറ്റിയിട്ടേക്കാമെന്നതും ഈ ചിത്രീകരണത്തിന്റെ മറ്റൊരു വശമാണ്. [3]നാം താമസിക്കുന്നതു എവിടെയാണെന്നതു നോക്കി "ധനവാന്മാർ" "ദരിദ്രന്മാർ" എന്നു ആളുകളെ തരംതിരിക്കാവുന്നതാണ്. നിങ്ങളുടെ ശ്രോതാക്കൾക്ക് യോജിക്കുന്ന ചിത്രീകരണം നൽകുക. [4]ഇതിന്റെ ഒരു വ്യക്തിപരമായ ഒരു ചിത്രീകരണം നൽകുക. താൻ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ എത്ര പ്രാവശ്യം ട്രൗസർ വലിച്ചുകയറ്റി എന്ന് ഒരാൾ "ബിഗ് ഡോൾ" വില്യത്തോട് പറയുകയുണ്ടായി. താൻ ലെക്ച്ചർ ചെയ്തുകൊണ്ടിരുന്നപ്പോൾ അലൻ ബ്രയാൻ എത്ര പ്രാവശ്യം വാക്കുകൾ തെറ്റായി ഉച്ചരിച്ചു എന്നു പറയുകയുണ്ടായി. [5]ഗ്രീക്കിൽ "നിങ്ങൾ" എന്നു പറഞ്ഞിരിക്കുന്നത് ബഹുവചനത്തിലാണ്. "നിങ്ങൾക്കും നിങ്ങളുടെ സഹോദരനും" എന്നായിരിക്കും വാക്യം. സഹോദരൻ അവിടെ വന്നിരിക്കുവാൻ സാധ്യതയുണ്ട്. [6]യേശുവിനു സകല അധികാരവുമുണ്ട് (മത്തായി 28:18) ഒരിക്കൽ അവൻ നമ്മുടെ ന്യായകർത്താവായിരിക്കും (പ്രവൃത്തികൾ 17:31). എങ്ങനെയായാലും, അവൻ നിസാരമായ മനുഷ്യർക്ക് തീർക്കാവുന്ന മനുഷ്യന്റെ തർക്കങ്ങൾ തീർക്കുവാനല്ല ഈ ഭൂമിയിലേക്ക് വന്നത്. ഒരു ബോർഡിലുള്ള ആണി എടുക്കുവാൻ ചെലവേറിയ ഒരു പല്ല് ഡോക്ടറുടെ അടുത്ത് പോകുന്നതുപോലെയാണ് തർക്കം പരിഹരിക്കുവാൻ യേശുവിന്റെ അടുക്കൽ പോകുന്നത്. [7]നിങ്ങൾക്കും എനിക്കും ചിന്തിക്കുവാൻ കഴിയുന്ന ഒരു കളപ്പുരയായിരിക്കയില്ല അയാളുടേത്. ആ രാജ്യത്ത് ധാന്യം കൂട്ടിവെച്ചിരുന്നത് പലപ്പോഴും ഭൂമിക്കടി–യിലെ കുഴിയിലോ അല്ലെങ്കിൽ വെള്ളത്തൊട്ടികളിലോ ആയിരുന്നു എന്ന് ചിലർ പറഞ്ഞിട്ടുണ്ട്. ആ വിശദീകരണം സംഭവത്തെ ബാധിക്കുന്നില്ല. നിങ്ങൾ താമസിക്കുന്ന സ്ഥലത്തുള്ള "കളപ്പുര" എങ്ങനെയുള്ളതാണെന്ന് ചിന്തിക്കുക. [8]"നിങ്ങൾ കരുതിവെച്ചത് ആർ അനുഭവിക്കും?" എന്ന ചോദ്യം കുടുതൽ അറിയുവാൻ നോക്കുക, ഇയ്യോബ് 27:16, 17; സങ്കീർത്തനങ്ങൾ 39:6; 49:10; സഭാപ്രസംഗി 2:18, 19, 21. അവരുടെ പിതാവ് അവർക്ക് വിട്ടുപോയതിനെച്ചൊല്ലി രണ്ടു സഹോദരന്മാർ തർക്കിച്ചിരുന്നതാകാം യേശുവിന്റെ ഉള്ളിൽ. [9]"ദൈവത്തോട്" ധനികരാകുക എന്നാൽ "നമുക്കുള്ളതെല്ലാം ദൈവത്തിൽനിന്നു ലഭിച്ചതാണെന്നും അവ മറ്റുള്ളവരുടെ നന്മക്കായും ദൈവമഹത്വത്തിനായും ഉപയോഗിക്കണം." (വാരെൻ ഡബ്ലിയു.വിയേഴ്സ്ബേ, *ദ ബൈബിൾ എക്സ്പൊസിഷൻ ഡിക്ഷ്ണറി,* വാല്യം. 1 (വീറ്റൺ Ill.:വിക്റ്റർ ബുക്സ്, 1989, 221). ജെ. ബി. ഫിലിപ്'സ് ട്രാൻസിലേഷനിൽ "ഈസ് നോട്ട് റിച്ച് വെയർ ഗോഡ് ഈസ് കൺസേൺഡ്" (*ദ ന്യൂടെസ്റ്റമെന്റ് ഇൻ മോഡേൺ ഇംഗ്ലീഷ്,* 151). [10]ജോർജ് ഡബ്ലിയു. ബെയ്‌ലി, "ദ റിച്ച് കാൻ ബി ഫൂൾസ് ആന്റ് ഫൂൾസ് കാൻ ബി റിച്ച്," *ദ പ്രീച്ചേഴ്സ് പീരിയോടിക്കൽ* (ജൂലയ് 1982): 26, (എം

ഫസിസ് ഹിസ്.)

[11]അമേരിക്കയിൽ, നിങ്ങൾക്ക് പറയുവാൻ കഴിയും പണത്തെ പറ്റി പറയുമ്പോൾ അതു വിരൽ ചൂണ്ടുന്നതു പ്രധാനകാര്യങ്ങളെയാണ്. ഓരോ അമേരിക്കൻ നാണയത്തിലും, നോട്ടിലും "ഞങ്ങൾ *ദൈവത്തിലാണ്* ആശ്രയിക്കുന്നതു" എന്ന് അച്ചടിച്ചിരിക്കും. [12]"കാണുന്നവിധം" ഒരു നാണയമോ നോട്ടോ ഉയർത്തിപ്പിടിക്കുക. [13]വീണ്ടും, പണം എടുത്ത് ദൃശ്യസഹായത്തിന് ഉപയോഗിക്കുക. [14]നിങ്ങൾ ഒരു നാണയമോ അല്ലെങ്കിൽ നോട്ടോ ഒരു ഒബ്ജക്ട് ലെസൻ ആയി ഉപയോഗിക്കുകയാണെങ്കിൽ, അതു കാണാതെ വെക്കുക (ഞാൻ അതു "അപ്രത്യക്ഷമാകുന്ന" വിധത്തിൽ ഒരു സൂത്രം ഉപയോഗിക്കും.) [15]ഞാൻ വളർന്ന സ്ഥലത്ത്, ഞങ്ങൾ പറയും, "ദേർ ആർ നോ പാക്കറ്റ്സ് ഇൻ എ ഷ്രൗഡ്." മരിച്ചവരെ പുതപ്പിക്കുവാൻ ഷ്രൗഡ് ഉപയോഗിക്കാറില്ല, പക്ഷെ തത്വം അപ്പോഴും വാസ്തവമാണ്. [16]ശാസ്ത്രീയകാര്യങ്ങൾക്ക് ഉപയോഗിക്കുന്ന ചില്ലുകളിൽ അലുമിനിയമോ അല്ലെങ്കിൽ മറ്റു ലോഹങ്ങളോ ആയിരിക്കും ഉപയോഗിക്കുക, എന്നാൽ വീടുകളിൽ ഉപയോഗിക്കുന്ന കണ്ണാടിയിൽ രസമാണ് ഉപയോഗിച്ച് വരുന്നത്. [17]അതു ഒരു ചില്ലും വീട്ടിൽ ഉപയോഗിക്കുന്ന കണ്ണാടിയും കാണിച്ചു പഠിപ്പിക്കാം. [18]നാലാം നൂറ്റാണ്ടിലെ ബിഷപ് ഓഫ് മിലാനിൽനിന്ന് ഉദ്ധരിച്ചതാണിത് (ക്വാട്ടഡ് ഇൻ റിച്ചാർഡ് സി. ട്രെഞ്ച്, *നോട്ട്സ് ഓൺ ദ പാരബിൾസ് ഓഫ് അവർ ലോഡ്* (വെസ്റ്റ്വുഡ് എൻ.ജെ.ഫ്ലെമിങ്ങ് എച്ച്. റെവെൽ കമ്പനി.: 1953), 341). [19]അമേരിക്കയിലെ ഇപ്പോഴത്തെ തലമുറക്ക് ഹെയിൻസ് *കെച്ചപ്പ്* എന്ന പേരു കേട്ടാൽ ഒരുപക്ഷെ അറിയാമായിരിക്കും, എന്നാൽ അദ്ദേഹം തുടങ്ങിയത് അച്ചാറിൽനിന്നാണ്. [20]എല്ലാ അനുഗ്രഹങ്ങളും ദൈവത്തിൽനിന്നാണ് വരുന്നത് (ആവർത്തനപുസ്തകം 8:18; 1 ദിനവൃത്താന്തം 29:14; യാക്കൊബ് 1:17), ഒരു ദിവസം കണക്കുകൊടുക്കേണ്ട കാര്യവിചാരകന്മാരാണ് നാം (ലൂക്കൊസ് 16:2; 1 കൊരിന്ത്യർ 4:2).

[21]വില്യം ബാർക്ക്ലേ, *ദ ഗോസ്പെൽ ഓഫ് ലൂക്ക്*, റെവ. എഡി., ദ ഡെയ്ലി സ്റ്റഡി ബൈബിൾ സീരീസ് (ഫിലദെൽഫിയ:വെസ്റ്റ് മിനിസ്റ്റർ പ്രെസ്, 1975), 164. [22]ധനവാൻ തന്നോട്തന്നെ പറഞ്ഞതിനെ കുറിച്ച് ഒരു ഇംഗ്ലീഷ് എഴുത്തുകാരൻ ചുരുക്കി പറഞ്ഞിരിക്കുന്നു: "റിക്ലൈൻ, ഡൈൻ, വൈൻ, ആന്റ് ഷൈൻ." [23]നിങ്ങൾക്ക് വേണമെങ്കിൽ മേശ, ഭക്ഷണം, ബൈബിൾ എന്നിവയുടെ ചിത്രം കാണിച്ചും പഠിപ്പിക്കാം. കൂടാതെ ഒരു കയ്യിൽ ഏതെങ്കിലും ആഹാരത്തിന്റെ ചിത്രവും മറുകയ്യിൽ ബൈബിളും കാണിച്ച് ചിത്രീകരിക്കാം. [24]ഇതിനെ വ്യക്തിപരമാക്കുക: നിങ്ങളുടെ പ്രദേശത്തിനു യോജിക്കുന്ന വിധത്തിൽ ഒരു പുതിയ വീടോ അല്ലെങ്കിൽ നല്ല വീടോ എടുത്തു പറയാവുന്നതാണ്. [25]ജോൺ ബാനിസ്റ്റർ, "ദ റിച്ച് ഫൂൾ," *സെർമൺസ് ഓഫ് ജോൺ ബാനിസ്റ്റർ*, ഗ്രെയിറ്റ് പ്രീച്ചേഴ്സ് ഓഫ് ടുഡെ സീരീസ്, വാല്യം, 8, എഡി. ജെ.ഡി.തോമസ് (അബിലീൻ, ടെക്സ്.: ബിബിളിക്കൽ റിസർച്ച് പ്രെസ്, 1965), 116. [26]യാദൃശ്ചിക മരണത്തെക്കുറിച്ചുള്ള വാർത്തകൾ ഇപ്പോൾ പത്രത്തിൽ കാണാം. [27]പിൻവരുന്ന വാക്യങ്ങളിൽ പറയുന്നതനുസരിച്ച്, അമേരിക്കയിലെ ആളുകൾ തങ്ങളുടെ ആരോഗ്യം സൂക്ഷിക്കാറുണ്ട്, നിങ്ങളുടെ പ്രദേശത്തിനു യോജിക്കുന്ന വിധത്തിൽ ഉദ്ധരിക്കുക. [28]അപ്പെന്റിക്സ്, ചെറുകുടലും വൻകുടലും യോജിക്കുന്ന സ്ഥാനത്തുള്ള, "പ്രത്യേക പ്രവർത്തനമൊന്നുമില്ലായെന്ന് കരുതുന്ന" ഒരു ചെറിയ അവയവമാണ് (*ക്രോലിയേഴ്സ് മൾട്ടിമീഡിയ എൻസൈക്ലോപീഡിയ*, 1997 എഡി., എസ്.വി. "അപ്പെന്റിക്സ്"). [29]ഇതിനെ നിങ്ങളുടെ പ്രദേശത്തിനു യോജിക്കുന്ന വിധത്തിലാക്കുക. മറ്റു രാജ്യങ്ങളെ അപേക്ഷിച്ച് ചില രാജ്യങ്ങളിൽ സമയത്തെ–കുറിച്ച് ബോധവാന്മാരാണ്. [30]നിങ്ങൾക്ക് വേണമെങ്കിൽ നിങ്ങളുടെ കയ്യിലെ വാച്ചോ അല്ലെങ്കിൽ ചുമരിലെ ക്ലോക്കോ ബൈബിളുമായി ചൂണ്ടി കാണിക്കാം.

[31]നെയിൽ ആർ ലൈറ്റ്ഫുട്ട്, *ദ പാരബിൾസ് ഓഫ് ജീസസ്,* പാർട്ട് 1 (ആസ്റ്റിൻ,ടെക്സ്.: ആർ. ബി. സ്വീറ്റ് കമ്പനി.,1963), 73.